**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2638**

**06.02.2018-ൽ മറുപടിയ്ക്ക്**

# അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കായി സ്ഥിരം വേദി

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി)

(എ) തിരുവനന്തപുരത്ത് നടക്കുന്ന കേരളത്തിന്റെ അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കായി സ്ഥിരം വേദി ഏർപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; എന്നത്തേക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും; എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(എ) അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കായി സ്ഥിരം വേദി നിർമ്മിക്കുന്ന പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി പ്രൈസ് വാട്ടർ കൂപ്പർ എന്ന കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കാൻ 5 മാസ സമയം അനുവദിച്ചിട്ടുണ്ട്. 2018 ജൂണോടെ നിർമ്മാണം തുടങ്ങാൻ സാധിക്കുന്നതാണ്. 2020-ൽ പണി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. കിഫ്ബിയിൽ നിന്നും 100 കോടി രൂപയാണ് ഇതിനായി അനുവദിക്കുന്നത്.

(ബി) ചലച്ചിത്രമേള തിരുവനന്തപുരം നഗരഹൃദയത്തിൽ നിന്നും മാറ്റികൊണ്ടു പോകുന്നത്, മേളയുടെ ജനകീയതയും സ്വീകാര്യതയും കുറയ്ക്കുകയും ഒപ്പം സിനിമാ ആസ്വാദകർക്ക് കൂടുതൽ കഷ്ടപ്പാട് സഹിക്കേണ്ടി വരികയും ചെയ്യുമെന്ന ആശങ്ക ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കായി സ്ഥിരം വേദി തിരുവല്ലത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കോർപ്പറേഷൻ പരിധിയിൽ വരുന്നതും, കോർപ്പറേഷൻ വാർഡായ തിരുവല്ലത്തേയ്ക്ക് തമ്പാനൂരിൽ നിന്ന് കേവലം ഒൻപത് കിലോമീറ്റർ ദൂരമേയുള്ളൂ. അവിടെ നിന്നും അരകിലോമീറ്റർ ദൂരം മാത്രം ചിത്രാഞ്ജലി സ്റ്റുഡിയോയിലേക്കും, കഴക്കൂട്ടം - വിഴിഞ്ഞം ദേശീയ പാതയിലാണ് തിരുവല്ലം സ്ഥിതി ചെയ്യുന്നതിനാൽ വാഹന സൗകര്യത്തിന് ബുദ്ധിമുട്ട് നേരിടുകയില്ല. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ ഗതാഗതമുൾപ്പെടെയുള്ള അനുബന്ധ

സൗകര്യങ്ങളും വർദ്ധിക്കും. വ്യാപാരശാലകളും ഹോട്ടലുകളും റെസ്റ്റോറന്റുകളും വരുന്നതോടെ നഗരമധ്യം നൽകുന്ന എല്ലാ സൗകര്യങ്ങളും ഇവിടെയും ലഭ്യമാകും. കോവളം തിരുവല്ലത്തിന് സമീപമായതിനാൽ ഇതൊരു ടൂറിസ്റ്റ് സ്പോട്ടായി മാറുകയും ചെയ്യും. അതോടെ ഡെലിഗേറ്റുകളുടെ താമസത്തിനോ യാത്രയ്ക്കോ ഒരു പ്രയാസവും നേരിടുകയില്ല. തിരുവല്ലം എയർപോർട്ടിന് അടുത്തായതിനാൽ വിദേശ പ്രതിനിധികൾക്ക് എത്തിച്ചേരാനുള്ള സൗകര്യവും വർദ്ധിക്കും. ഇക്കാരണങ്ങളാൽ ചലച്ചിത്രമേള ചിത്രാഞ്ജലിയിലേക്ക് മാറ്റുന്നത് വഴി മേളയുടെ ജനകീയതയ്ക്കും സ്വീകാര്യതയ്ക്കും ഒട്ടും കുറവ് വരികയില്ല.

(സി) നല്ല സിനിമകൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി, കൂടുതൽ സ്ഥലങ്ങളിൽ ചലച്ചിത്രമേളകൾ സംഘടിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ?

(സി) നല്ല സിനിമകൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് എന്ന പദ്ധതിയുടെ ഭാഗമായി നാല് മേഖലാ കേന്ദ്രങ്ങൾ കൂടി ആരംഭിച്ചു. കൂടാതെ ചലച്ചിത്രമേളകളിൽ പ്രദർശിപ്പിക്കുന്ന നല്ല സിനിമകൾ അക്കാദമി സംഘടിപ്പിക്കുന്ന മറ്റ് മേളകൾ വഴി വീണ്ടും പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം പയ്യന്നൂരിൽ വെച്ച് നാഷണൽ ഫെസ്റ്റിവലും കോഴിക്കോട്, കൊടുങ്ങല്ലൂർ, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ എന്നിവിടങ്ങളിലായി പ്രാദേശിക ചലച്ചിത്രമേളകളും അക്കാദമി സംഘടിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ